പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2517

13.2.2013 ൽ
മറുപടിയ്ക്ക്

## കണ്ണൂർ സൈബർപാർക്ക്

ചോദ്യം
ശ്രീ. സി. കൃഷ്ണൻ ;

ഉത്തരം
ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി)

എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ആരംഭിക്കുന്ന കണ്ണൂർ സൈബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

എ) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ എരമം വില്ലേജിൽ കണ്ണൂർ സൈബർപാർക്കിനായി 25.63 ഏക്കർ ഭൂമി KSITIL ന് കൈമാറി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം പ്രത്യേക സാമ്പത്തിക മേഖലയായി (SEZ) പ്രഖ്യാപിച്ച് ഉത്തരവായിരുന്നെങ്കിലും ഇവിടേയ്ക്ക് റോഡ് ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ SEZ ന്റെ പ്രത്യേക സമയപരിധിക്കുള്ളിൽ ഈ സ്ഥലത്ത് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. റോഡ് ഗതാഗതത്തിനുള്ള ഭൂമി ഏറ്റെടുക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ ഈ സ്ഥലത്ത് പുതുക്കിയ SEZ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ലാന്റ് ഡവലപ്പ്മെന്റ്, കോമ്പൗണ്ട് വാൾ തുടങ്ങിയ നിർമ്മാണ പ്രവർത്തികൾ ഉടനെ ആരംഭിക്കുന്നതാണ്.

ബി) നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് സൈബർപാർക്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ ?

ബി) 2014 ഡിസംബർ മാസത്തോടെ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ